(ഇ) സംസ്ഥാനത്ത് റെയിൽവേ സോൺ അനുവദിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) ഈ പ്രസ്താവന ശരിയല്ലെന്നാണ് റെയിൽവേ അധികൃതരിൽ നിന്നും അറിയാൻ കഴിഞ്ഞത്. പാസഞ്ചർ, ഗുഡ്സ് ട്രാഫിക് എന്നിവയുടെ അടിസ്ഥാനത്തിലാണ് റെയിൽവേ സോൺ തീരുമാനിക്കുന്നത്.

(സി) ഭാരതീയ റെയിൽവേ ഓരോ സംസ്ഥാനത്തിനും ഓരോ സോൺ അനുവദിച്ചിട്ടില്ല.

(ഡി)&(ഇ) കേരളത്തിന് പ്രത്യേകമായി ഒരു സോണൽ ആഫീസ് വേണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

14 (*539) ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവർ

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ. ബാബു :
ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായനിരോധനം ഏർപ്പെടുത്തിയതിനെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആരെയെങ്കിലും നിയോഗിച്ചിരുന്നുവോ; എങ്കിൽ ആരെയാണ്;

(ബി) അദ്ദേഹം എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്;

(സി) ഈ നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(ഡി) ഇതുമൂലം തൊഴിലാളികൾക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞ് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ലേബർ കമ്മീഷണറായിരുന്ന ശ്രീ. ഏലിയാസ് ജോർജിനെ ചുമതലപ്പെടുത്തുകയുണ്ടായി.

(ബി)-(ഡി) ശ്രീ. ഏലിയാസ് ജോർജിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിൽരഹിതരായ ചാരായത്തൊഴിലാളികളെ സർക്കാർ ആഭിമുഖ്യത്തിൽ പുനരധിവസിപ്പിക്കുക പ്രായോഗികമല്ലെന്നു കാണുകയാൽ അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി, ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തൊഴിൽ വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണറും തൊഴിലാളി നേതാക്കളും, തൊഴിലാളി സംഘടനാ നേതാക്കളുമായി സർക്കാർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാന പ്രകാരം ജോലി നഷ്ടപ്പെട്ട ഓരോ തൊഴിലാളിക്കും 30,000/- രൂപ വീതം ഗ്രാന്റ് നൽകി പിരിച്ചുവിടുന്നതിനു തീരുമാനിച്ചു. തൊഴിലാളിക്ഷേമനിധിയിൽ നിന്നുമുള്ള തുകയ്ക്ക് പുറമെയാണ് ടി തുക അനുവദിച്ചത്. ഈ തുക സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രയോജനപ്പെടുത്തുമെന്നാണ് അന്ന് ധാരണയായത്. ഇതിനുപുറമെ 1996-ലെ ഓണം പ്രമാണിച്ച് ഈ വിഭാഗം തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി 2000 രൂപ വീതം വിതരണം ചെയ്യുകയുണ്ടായി.

15 (*540) ആദിവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പദ്ധതികൾ

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പുമായി ബന്ധപ്പെട്ട ആദിവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുതിയതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആദിവാസികളുടെ പുനരധിവാസത്തിനായി വനംവകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

വനവും ഗതാഗതവും വകപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) ഉണ്ട്. ഓരോ സർക്കിൾ ആസ്ഥാനത്തും അതാത് വനം കൺസർവേറ്ററുടെ അദ്ധ്യക്ഷതയിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യത്തോടെ ആദിവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആദിവാസി ക്ഷേമസെൽ രൂപീകരിച്ചു പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വന്യജീവി സംരക്ഷിത മേഖലയിൽ വരുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരെ അവരുടെ പൂർണ്ണസമ്മതത്തോടെ വനാതിർത്തിയിൽ കൂടുതൽ സൗകര്യമുള്ള പ്രദേശത്തിലേക്ക് മാറ്റി പാർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

16 (*541) നോൺ ക്ലറിക്കൽ ടെക്നിക്കൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം.

ശ്രീ. പി.എസ്. സുപാൽ :
പ്രൊഫ. മീനാക്ഷി തമ്പാൻ :

LIBRARY ARCHIVES Kerala Legislative Assembly